സി.ജി(2)44783/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി:22.9.2009

# സർക്കുലർ നമ്പർ 48 (എ)/2009

വിഷയം: സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യ തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തി വച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) സ.ഉ (കൈ) നം. 42/2007 മതുവ തീയതി. 2.11.07
2) സ.ഉ (കൈ) നം. 29/2008 മതുവ തീയതി 27.5.08
3) സ.ഉ (കൈ) നം. 78/2008 മതുവ തീയതി 6.12.08
4) സ.ഉ (കൈ) നം. 38/2009 മതുവ തീയതി 11.6.2009

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ സ്വീകരിച്ച വായ്പകളിന്മേൽ എടുത്തിട്ടുള്ളതും തുടർന്നു വരുന്നതുമായ റിക്കവറി നടപടികൾക്ക് സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 6 മാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. ഇത് സൂചന (2) (3) (4) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കാലാവധി വീണ്ടും മൂന്നു പ്രാവശ്യം കൂടി 6 മാസം വീതം ദീർഘിപ്പിച്ചു നൽകുകയുണ്ടായി. എന്നാൽ ടി ഉത്തരവുകളിലെ നിർദ്ദേശത്തിന് വിരുദ്ധമായി ടി വായ്പകളിന്മേൽ സംഘങ്ങൾ/ബാങ്കുകൾ ജപ്തി നോട്ടീസുകൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകയാൽ ടി വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യതൊഴിലാളികൾ 31.12.2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, പെൺമക്കളുടെ വിവാഹം എന്നീ കാര്യങ്ങൾക്ക് നേടിയിട്ടുള്ള വായ്പകളിൻ മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ 1.11.2009 വരെ നിർത്തിവയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) & (ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും, ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) & (ആഡിറ്റ്)മാർക്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. സെക്രട്ടറി – പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ – പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എഡിറ്റർ – സഹകരണ വീഥി/സഹകരണ ജേർണൽ
9. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)